പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2229 — 11.02.2020 ൽ മറുപടിയ്ക്ക്

# പൊതുകമ്പോളത്തിലെ വില വർദ്ധനവ്

ചോദ്യം

ശ്രീ.എ. എൻ. ഷംസീർ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| പൊതുകമ്പോളത്തിലെ വില വർദ്ധനവ് പിടിച്ച് നിർത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്? | പൊതു കമ്പോളത്തിലെ വിലവർദ്ധനവ് പിടിച്ച് നിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ നൽകുന്നു.<br>i) അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും ഏറ്റവും കുറഞ്ഞവിലയിൽ ലഭ്യമാക്കുന്നതിനുമായി ഇ-ടെണ്ടർ മുഖേന വാങ്ങൽ പ്രക്രിയ നടത്തുന്നതിന് പുറമേ അടിയന്തര ഘട്ടങ്ങളിൽ ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന്, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ ഏജൻസികൾ മുഖേനയും സംഭരണം നടത്തുന്നു.<br>ii) പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 വരെ ശതമാനം വിലക്കുറവിൽ നിശ്ചയിച്ചിട്ടുള്ള സബ്സിഡി വിൽപ്പനയിൽ വിലകൾ (ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില) യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല.<br>iii) സബ്സിഡി സാധനങ്ങൾക്ക് പുറമെ, എഫ്.എം.സി.ജി./ശബരി ഉൽപന്നങ്ങൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും ഗൃഹോപകരണങ്ങൾ ശരാശരി 40 ശതമാനം വരെ കിഴിവിലും വിൽപ്പന നടത്തുന്നു.<br>iv) ഉത്സവകാലങ്ങളിൽ വിപണി ഇടപെടലിന്റെ ഭാഗമായി പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു.<br>v) വിലക്കുറവിന്റെ പ്രയോജനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനായി തീരമാവേലി സ്റ്റോറുകൾ, റേഷൻ കടകൾ എന്നിവിടങ്ങളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നു.<br>vi) വൻ വില വർദ്ധന രേഖപ്പെടുത്തിയിട്ടുള്ള അരി, സവാള എന്നിവ നേരിട്ട് സംഭരിച്ച് കുറഞ്ഞ |

നിരക്കിൽ വിതരണം നടത്തുകയും ചെയ്തു.

vii) വിൽപ്പനശാലകൾ ആരംഭിച്ചും, നിലവിലുള്ളവ മോടിപിടിപ്പിച്ച് വിപുലീകരിച്ച് കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കിയതു വഴി കൂടുതൽ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിന്റെ ആനുകൂല്യം നൽകാൻ കഴിഞ്ഞു.

സെക്ഷൻ ഓഫീസർ